# പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രി

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

**ആമുഖം**

രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പ്രമാണരേഖകളിൽ ഡിക്രികളുടെ ഗണത്തിൽ രണ്ടാമത്തേതാണു പൗരസ്ത്യസഭകളെക്കുറിച്ചുള്ള പ്രമാണരേഖ. പൗരസ്ത്യസഭകൾ എന്നുതന്നെ അർത്ഥം വരുന്ന ഓറിയെന്താലിയും എക്ലേസിയാരും (Orientalium Ecclesiarum) എന്ന ലത്തീൻ പദം തന്നെയാണ് ഈ പ്രമാണരേഖയുടെ പേരായി നൽകിയിരിക്കുന്നത്. 1964 നവംബർ 21 നാണ് ഇതു പ്രസിദ്ധീകൃതമായത്. കത്തോലിക്കാസഭയിൽ പാശ്ചാത്യ-പൗരസ്ത്യസഭകൾക്കു തുല്യശ്രേഷ്ഠതയാണുള്ളത് എന്ന ഈ ഡിക്രിയിലെ പ്രബോധനം കൗൺസിലിന്റെയും കൗൺസിലാനന്തര പ്രബോധനങ്ങളുടെയും സഭാവിജ്ഞാനീയത്തിന്റെ അടിസ്ഥാനദർശനങ്ങളിലൊന്നാണ്. 19-ാം നൂറ്റാണ്ടുമുതൽതന്നെ വിവിധ സഭകളുടെ സമത്വവും പൗരസ്ത്യസഭകളുടെ സമ്പന്നതയും എടുത്തുപറഞ്ഞു തുടങ്ങിയിരുന്നു. 13-ാം ലെയോ മാർപാപ്പയുടെ ഓറിയെന്താലിയും ദിഗ്നിത്താസ്, 15-ാം ബനദിക്തോസ് മാർപാപ്പയുടെ ദേയി പ്രൊവിദോനീസ്, 11 -ാം പീയൂസ് മാർപാപ്പയുടെ എക്ലേസിയാം ദേയി, 12 -ാം പീയൂസ് മാർപാപ്പയുടെ ഓറിയെന്താലിസ് എക്ലേസിയ എന്നിവ ഇക്കാര്യങ്ങൾ ഊന്നിപ്പറയുന്ന സുപ്രധാന രേഖകളാണ്. എക്യുമെനിസത്തെ സംബന്ധിക്കുന്ന ഡിക്രിയുമായി വളരെയേറെ ബന്ധമുള്ളതാണ് ഈ ഡിക്രി. പൗരസ്ത്യസഭകളെ വിലതാഴ്ത്തിക്കാണുന്ന ഒരു സാഹചര്യം ചരിത്രത്തിൽ പലവിധ കാരണങ്ങളാൽ ഉടലെടുത്തിരുന്നു. റോമാസഭയ്ക്ക് (ലത്തീൻ സഭയ്ക്ക്) വിവിധ കാരണങ്ങളാൽ പ്രാമുഖ്യം ലഭിച്ചതുവഴി ആ സഭ മാത്രമാണു കത്തോലിക്കാസഭ എന്ന ശക്തമായ ചിന്തയുണ്ടായിരുന്ന കാലത്തു വിപ്ലവാത്മകമായ ഒരു പ്രബോധനമാണു രണ്ടാം വത്തിക്കാൻ സൂനഹദോസ് ഔദ്യോഗികമായിത്തന്നെ ഈ പ്രമാണ രേഖയിലൂടെ നടത്തുന്നത്. 30 നമ്പറുകളേ ഉള്ളൂവെങ്കിലും അതീവസൂക്ഷ്മവും ഹൃദ്യവുമായി എഴുതപ്പെട്ടതാണ് ഈ ഡിക്രി.

## പ്രധാന പ്രബോധനങ്ങൾ.

**i) കത്തോലിക്കാസഭയിലെ വിവിധ റീത്തുകളുടെ തുല്യത:**

കത്തോലിക്കാസഭ 'വിവിധ സഭകളുടെ കൂട്ടായ്മയാണെ'ന്നുള്ളതാണ് ഈ ഡിക്രിയുടെ പ്രധാന പ്രബോധനം. പൗരസ്ത്യസഭകൾക്കും ശ്ലൈഹികപാരമ്പര്യത്തിൽ പ്രത്യേക

സ്ഥാനമുണ്ട് എന്നു പറഞ്ഞ് ഈ ഡിക്രി പൗരസ്ത്യസഭയുടെ കാര്യത്തിലുള്ള സവിശേഷമായ താൽപര്യം എടുത്തുപറയുന്നുണ്ട്. ക്രിസ്തുവർഷം 4-ാം നൂറ്റാണ്ടുമുതൽ റോമാസാമ്രാജ്യത്തിന്റെ വിഭജനത്തോടെ ഉടലെടുത്ത പാശ്ചാത്യ-പൗരസ്ത്യ സഭകളുടെ വ്യത്യസ്തതയും ഐക്യവും ഈ പ്രമാണരേഖ ഊന്നിപ്പറയുന്നു: പരിശുദ്ധ കത്തോലിക്കാസഭ മിശിഹായുടെ മൗതികശരീരമാണ്. ഇതിൽ ഉൾപ്പെടുന്നവർക്കു വിശ്വാസം ഒന്ന്, കൂദാശകൾ ഒന്ന്, ഭരണരീതിയും ഒന്ന്... വിവിധത്വം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത, പ്രത്യക്ഷമാക്കുകയാണു ചെയ്യുന്നത്... ഓരോ പ്രാദേശികസഭയുടെയും പാരമ്പര്യങ്ങളെ അഭംഗുരമായും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണു തിരുസഭയുടെ ലക്ഷ്യം"(n. 2). എല്ലാ സഭകൾക്കും തുല്യ പദവിയും തുല്യ അവകാശങ്ങളും തുല്യ ഉത്തരവാദിത്വവും കടമയും ആണുള്ളത്.

**ii) പൗരസ്ത്യസഭകളുടെ ആദ്ധ്യാത്മികപിതൃസ്വത്തിന്റെ ശ്രേഷ്ഠത:**

പൗരസ്ത്യസഭകളുടെ പൗരാണികത്വം സഭാപിതാക്കന്മാരിലൂടെ കൈവന്നതാണെന്ന് ഊന്നിപ്പറയുന്ന ഈ രേഖ ഈ സഭകളുടെ ശ്ലൈഹികപാരമ്പര്യം സാർവ്വത്രിക സഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഭാഗമാണെന്ന് ഓർമ്മിപ്പിക്കുന്നു (n.1). ഈ പൗരാണികത്വം നഷ്ടപ്പെടുത്തരുതെന്നും കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്കടിപ്പെട്ടു തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽനിന്നു വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണികപാരമ്പര്യത്തിലേക്കു തിരിയണമെന്നും ഇക്കാര്യത്തിൽ പൗരസ്ത്യർതന്നെയാണു കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും ശക്തമായിത്തന്നെ സൂനഹദോസ് പഠിപ്പിക്കുന്നു. പാശ്ചാത്യരാകട്ടെ പൗരസ്ത്യരുമായുള്ള സമ്പർക്കം വഴി പൗരസ്ത്യരുടെ വിവിധമേന്മകളെപ്പറ്റി ശരിയായി അറിഞ്ഞ്, വിലമതിക്കാൻ സൂനഹദോസ് ഉദ്ബോധിപ്പിക്കുന്നുണ്ട്(n.6). പൗരസ്ത്യസഭകളിലെ പരമ്പരാഗതരീതിയാണു പാത്രിയർക്കീസ് ഭരണമെന്നതിനാൽ ആവശ്യമുള്ളിടത്തെല്ലാം പുതിയ പാത്രിയാർക്കേറ്റുകൾക്കു രൂപം കൊടുക്കാൻ 1964 ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ അഭിലഷിച്ചിരുന്നു (n.11). കൂദാശകളുടെ പരികർമ്മത്തിലും മറ്റ് ആരാധനാകാര്യങ്ങളിലും നിഴലിക്കുന്ന വ്യതിരിക്തതയുടെ മേന്മയെയും ശ്ലാഘിക്കുകയും നഷ്ടപ്പെട്ടുപോയ പരമ്പരാഗതരീതികൾ ആവശ്യമുള്ളിടത്തെല്ലാം പുന:സ്ഥാപിക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട് (nos. 12-23).

**iii) മാതൃറീത്തിൽ അജപാലനശുശ്രൂഷയും പ്രേഷിതപ്രവർത്തനവും നടത്താനുള്ള അവകാശം:**

ലോകത്തെവിടെയുമുള്ള സഭകൾ സംരക്ഷിക്കപ്പെടാൻവേണ്ടി അവിടെയൊക്കെയുള്ള വിശ്വാസികളുടെ ആദ്ധ്യാത്മികനന്മയ്ക്കാവശ്യമായ ഇടവകകളും സ്വന്തം

ഹയരാർക്കിതന്നെയും സ്ഥാപിക്കാൻ പിതാക്കന്മാർ ഉദ്ബോധിപ്പിച്ചു. വൈദികരും വൈദികവിദ്യാർത്ഥികളും അത്മായരുമൊക്കെ വിവിധസഭകളെപ്പറ്റി അറിഞ്ഞിരിക്കണം. എല്ലാ കത്തോലിക്കരും തങ്ങളുടെ റീത്തുതന്നെ തുടരേണ്ടതാണ് (n.4). ലോകത്തിൽ എവിടെയായിരുന്നാലും തങ്ങളുടെ റീത്തിൽ തന്നെ ഉറച്ചുനിൽക്കുകയും വിലമതിക്കുകയും ചെയ്യാൻ പിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു.

**iv) പൗരസ്ത്യ അകത്തോലിക്കാസഹോദരന്മാരോടുള്ള സഭൈക്യബന്ധങ്ങൾ:**

എക്യുമെനിസത്തെപ്പറ്റി സൂനഹദോസ് പുറപ്പെടുവിച്ചിട്ടുള്ള തത്ത്വങ്ങളനുസരിച്ചു പ്രാർത്ഥന, ജീവിതമാതൃക, പുരാതനമായ പൗരസ്ത്യപാരമ്പര്യങ്ങളോടുള്ള ശ്രദ്ധാപൂർവ്വകമായ വിശ്വസ്തത, തമ്മിൽത്തമ്മിൽ വേണ്ട ധാരണയ്ക്കായുള്ള പരിശ്രമം, പരസ്പരസഹകരണം, വസ്തുതകളോടും ആളുകളോടുമുള്ള സാഹോദര്യപൂർണ്ണമായ മതിപ്പ് എന്നിവവഴി സഭൈക്യത്തിനു വേണ്ടി പരിശ്രമിക്കാൻ പൗരസ്ത്യസഭകൾക്കു പ്രത്യേകമായ വിധത്തിൽ സാധിക്കുമെന്നു സൂനഹദോസ് പിതാക്കന്മാർ പ്രത്യാശ പ്രകടിപ്പിക്കുന്നുണ്ട് (n. 24). പൗരസ്ത്യസഭകളുടെ സ്വാതന്ത്ര്യവും അടുപ്പവും ഇതിനു കൂടുതൽ വഴിതെളിക്കുന്നുണ്ട്. അത്യാവശ്യാവസരങ്ങളിൽ പാപമോചനം, വി. കുർബ്ബാന, രോഗീലേപനം എന്നീ കൂദാശകളിലും ഇതരവിശുദ്ധകർമ്മങ്ങളിലും വിവേചനാപൂർവ്വം പങ്കുചേരാനുള്ള അനുവാദവും പിതാക്കന്മാർ നല്കുന്നുണ്ട്.

കത്തോലിക്കരും വേർപെട്ട പൗരസ്ത്യസഭകളിലെ സഹോദരന്മാരും പൂർണ്ണമായ യോജിപ്പിലെത്തുമെന്ന പ്രതീക്ഷയോടെയാണ് ഈ രേഖ അവസാനിക്കുന്നത്. ഇന്നു നാം പൊതുവെ ഉപയോഗിക്കുന്ന വ്യക്തിസഭ, സ്വയാധികാരസഭ എന്നീ പ്രയോഗങ്ങൾക്കു പകരം റീത്ത് എന്ന പ്രയോഗമാണ് ഈ ഡിക്രിയിൽ നല്കിയിരിക്കുന്നത്. ആരാധനാക്രമം എന്നതിലുപരി ക്രിസ്തീയജീവിതത്തെ മുഴുവൻ സംബന്ധിക്കുന്ന വിധമാണ് ഈ വാക്ക് പ്രയോഗിച്ചിരിക്കുന്നത്.